# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*229** **12.03.2020 ലെ മറുപടി**

## ജലസേചനത്തിനുള്ള ജല ഉപയോഗം കുറയ്ക്കാൻ നടപടി

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**
**,, സി. ദിവാകരൻ**
**,, ജി.എസ്.ജയലാൽ**
**,,മുഹമ്മദ് മുഹസ്സിൻ.പി:**

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) പല വിളകൾക്കും ആവശ്യമായതിന്റെ ഇരുപത്തിമൂന്ന് ഇരട്ടിയിലധികം വെള്ളമാണ് കേരളത്തിൽ ജലസേചനത്തിനായി ഉപയോഗിക്കുന്നത് എന്ന വിദഗ്ധ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഇല്ല. എന്നാൽ ഉപരിതല ജലസേചന മാർഗ്ഗത്തിലൂടെ കൃഷിയിടങ്ങളിൽ നൽകി വരുന്ന ജലം ശാസ്ത്രീയമായി ഓരോ വിളകൾക്കും നിശ്ചയിച്ചിട്ടുള്ള ആവശ്യത്തിലും അധികമാണെന്നുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള ജല ഉപയോഗം കുറയ്ക്കുന്നതിനും ഫലപ്രദമായി ജലസേചനം നടത്തുന്നതിനും സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ജല ഉപയോഗം കുറയ്ക്കുന്നതിനും ഫലപ്രദമായി ജലസേചനം നടത്തുന്നതിനും ജല സേചനവകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ആയവ ചുവടെ ചേർക്കുന്നു.

1) കനാലുകൾ വഴി ജലസേചനം നടത്തുമ്പോൾ സീപേജ് ലോസ്സ് കുറയ്ക്കുന്നതിനു വേണ്ടി കനാലുകളുടെ അറ്റകുറ്റപണികൾ നടപ്പിലാക്കി ലൈനിംഗ് പൂർത്തി കരിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു.

2) കനാലുകളിൽ നിന്നും പാട ശേഖരങ്ങളിലേക്ക് നൽകുന്ന ജലത്തിന്റെ അളവ് നിയന്ത്രിക്കുന്നതിനായി കനാൽ സ്ലൂയിസ്സുകളിലെ ഷട്ടറുകൾ ശരിയായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

3) ജലസേചനം ഫലപ്രദമായി നടത്തുന്നതിനുവേണ്ടി കനാലുകളുടെ ആയക്കെട്ട് പ്രദേശത്ത് കാർഷിക കലണ്ടർ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി വാട്ടർ യൂസർ അസോസിയേഷനുകൾ ശക്തമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

4) കൃഷയിടങ്ങളിലേക്ക് കനാലുകളിൽ നിന്നും ജലസേചനത്തിനായി നിർമ്മിച്ചിട്ടുള്ള ഫീൽഡ് ചാനലുകളിൽ പുനരുദ്ധാരണം ആവശ്യമായവയ്ക്ക് അടിയന്തര മെയിന്റനൻസ് നടത്തുന്നതിനുള്ള നട പടികൾ സ്വീകരിച്ചു വരുന്നു.

5) ജല ഉപയോഗം കുറയ്ക്കുന്നതിനും, ഫലപ്രദമായി ജലസേചനം നടത്തുന്നതിനും വേണ്ടി വിവിധ പദ്ധതികളിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സ്കീമുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1294.55 ഹെക്ടർ പ്രദേശത്ത് 53 സ്കീമുകളിലായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സാധ്യമായിട്ടുള്ള സ്ഥലങ്ങൾ ജലസേചന വകുപ്പിലേയും, കൃഷി വകുപ്പിലേയും ഉദ്യോഗസ്ഥരുടെ നേതൃത്വ ത്തിൽ സംയുക്ത പരിശോധന നടത്തി കണ്ടെത്തിയിട്ടുണ്ട്. ഈ സ്കീമുകളുടെ ഡി. പി.ആർ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.

| | |
|---|---|
| (സി) ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ സി) എന്നിവ ഇതിന് ഫലപ്രദമാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡ്രിപ്പ് ഇറിഗേഷൻ / സ്പ്രിംഗ്ളർ ഇറിഗേഷൻ വഴി ജലസേചനം നടത്തുമ്പോൾ കാര്യക്ഷമത 90-95 ശതമാനം വരെയും, ഉപരിതല മാർഗ്ഗം വഴി (സർഫസ് ഇറിഗേഷൻ) ജലസേചനം നടത്തുമ്പോൾ കാര്യക്ഷമത 50 ശതമാനത്തിനും താഴെയാണെന്ന് വിവിധ പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ ഫ് ളഡ് ഇറിഗേഷനു പകരം ഡ്രിപ്പ് / സ്പ്രിംഗ്ളർ ഇറിഗേഷൻ നടപ്പിലാക്കിയ കൃഷിയടങ്ങളിൽ ഉൽപാദനം കൂടുതലാണെന്ന് തെളിഞ്ഞി ട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ മൂവാറ്റുപുഴവാലി പദ്ധതിയിലും, കല്ലട ജലസേചന പദ്ധതിയിലും തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**